**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1391** **14-03-2022 - ൽ മറുപടിയ്ക്ക്**

**ഡയറ്റുകളിലെ ലക്ച്ചറർ തസ്തികകളിൽ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എൻ.ഷംസീർ | | null<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ എല്ലാ ഡയറ്റുകളിലുമായി നിലവിൽ എത്ര ലക്ച്ചറർ തസ്തികയിൽ ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ; ഇവയിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | പുതുക്കിയ സ്പെഷ്യൽ റൂൾ പ്രകാരം 284 ലക്ചറർ തസ്തികകളാണ് 14 ഡയറ്റുകളിലായി അനുവദിച്ചിട്ടുള്ളത്. ആയതിൽ 95 ലക്ചറർമാർ അന്യത്രസേവന വ്യവസ്ഥയിൽ ഡയറ്റുകളിൽ ജോലി ചെയ്തുവരുന്നു. അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്യുന്ന 89 ലക്ചറർമാർ തങ്ങളെ ലക്ചറർ തസ്തികയിൽ സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഒ.എ.നം. 702/2021 കേസ് ഫയൽ ചെയ്യുകയും ടി തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സ്റ്റേ ചെയ്യുകയും ചെയ്തിട്ടുണ്ട്. അന്യത്ര സേവന വ്യവസ്ഥയിൽ ലക്ചറർമാർ ജോലി ചെയ്തുവരുന്ന ലക്ചറർ തസ്തികകൾ ഒഴിവാക്കി ശേഷിക്കുന്ന ഒഴിവുകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ലായെങ്കിൽ ആയതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ; | (ബി) | പുതുക്കിയ സ്പെഷ്യൽ റൂൾ പ്രകാരം 284 ലക്ചറർ തസ്തികകളാണ് 14 ഡയറ്റുകളിലായി അനുവദിച്ചിട്ടുള്ളത്. ആയതിൽ 95 ലക്ചറർമാർ അന്യത്രസേവന വ്യവസ്ഥയിൽ ഡയറ്റുകളിൽ ജോലി ചെയ്തുവരുന്നു. അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്യുന്ന 89 ലക്ചറർമാർ തങ്ങളെ ലക്ചറർ തസ്തികയിൽ സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഒ.എ.നം.702/2021 കേസ് ഫയൽ ചെയ്യുകയും ടി തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സ്റ്റേ ചെയ്യുകയും ചെയ്തിട്ടുണ്ട്. അന്യത്ര സേവന വ്യവസ്ഥയിൽ ലക്ചറർമാർ ജോലി ചെയ്തുവരുന്ന ലക്ചറർ തസ്തികകൾ ഒഴിവാക്കി ശേഷിക്കുന്ന ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്തെ ഡയറ്റുകളിലെ ലക്ച്ചറർ തസ്തികകളിലെ നിയമനം സംബന്ധിച്ചുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ? | (സി) | ഡയറ്റുകളിലെ ലക്ചറർ തസ്തിക നിയമനം സംബന്ധിച്ച മാനദണ്ഡം 19.02.2021 ലെ ജി.ഒ.പി.നം.9/2021/പൊ.വി.വ പ്രകാരം നിശ്ചയിച്ചിട്ടുള്ള സ്പെഷ്യൽ റൂൾ ആണ്. |

സെക്ഷൻ ഓഫീസർ